Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

10.06.2026

# ജൂബിലിയിൽ ‘ഇൻക്വയറി ടു ഇൻസൈറ്റ്’ സംഘടിപ്പിച്ചു.

ഇൻക്വയറി ടു ഇൻസൈറ്റ് : ഷേപ്പിംഗ് ടുമാറോസ് റിസേർച്ചേഴ്സ് - എന്ന വിഷയത്തെ ആസ്പദമാക്കി നൂതന ഗവേഷണരീതികളും സാധ്യതകളും ഉൾപ്പെടുത്തിക്കൊണ്ട് ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിലെ അധ്യാപകരുടേയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടേയും നേതൃത്വത്തിൽ കേരളത്തിലെ നേഴ്സിങ്ങ് അധ്യാപകർക്കും ബിരുദാനന്തര-ബിരുദ വിദ്യാർത്ഥികൾക്കുമായി ശില്പശാല നടത്തി. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്.ഐ.സി. സ്വാഗതം ആശംസിച്ചു. തുടർന്ന് ഈ വിഷയത്തെ സംബന്ധിച്ച് ജൂബിലിയിലെ പ്രൊഫസർ. ഡോ. ജോ തോമസ്, ഡോ. മരിയ ജോസ്, പ്രോജക്റ്റ് റിസേർച്ച് സയന്റിസ്റ്റ് സുൽഫത്ത് ടി., അമല മെഡിക്കൽ കോളേജിലെ ബയോസ്റ്റാറ്റിക്സ് ലക്ചറർ ജിനി എം. പി., ജൂബിലി നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്. ഐ.സി., വൈസ് പ്രിൻസിപ്പാൾ ഡോ.സി. ട്രീസ ആന്റോ എന്നിവർ ക്ലാസുകൾ നയിച്ചു.